# സർക്കുലർ

*Circular Letter No. 8/2020*
*Prot. No. 22962/2020*

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ ക്രൈസ്തവ ജീവിതത്തിൽ ഏറ്റം പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന ഒന്നാണല്ലോ വി.കുർബാനയർപ്പണവും അതിലുള്ള പങ്കാളിത്തവും. കത്തോലിക്കരെ സംബന്ധി ച്ചിടത്തോളം ഓരോ കാലഘട്ടത്തിലുമുള്ള വിശ്വാസികൾ ദൈവവുമായുള്ള തങ്ങളുടെ ബന്ധം നിലനിർത്തുന്നത് അവിടുത്തെ പ്രിയപുത്രന്റെ തിരുശരീര രക്തങ്ങൾ സ്വീകരിച്ച് ദൈവപുത്രരായി തീരുമ്പോഴാണ്. ഇപ്രകാരം അവിടുത്തെ തിരുശരീരരക്തങ്ങൾ നമുക്ക് ലഭ്യമാകുന്നത് കാലാകാലങ്ങളിൽ യേശുവിന്റെ മൗതീകശരീരമായ ദൈവജനത്തിനുവേണ്ടി പൗരോഹിത്യ ശുശ്രൂഷ ചെയ്യുന്ന പുരോഹിതരിലൂടെയാണ്. ക്രിസ്തു പഠിപ്പിച്ച കാര്യങ്ങൾ ഈ ദൈവജനത്തെ പഠിപ്പിക്കേണ്ടതും അവരെ നയിക്കേ ണ്ടതും പുരോഹിതർ തന്നെയാണ്. കഴിഞ്ഞ കാലഘട്ട മത്രയും ആവശ്യത്തിന് പുരോഹിതരെ നൽകി നമുക്ക് ദൈവത്തോടുള്ള ബന്ധം നിലനിർത്താൻ സാധിച്ചു. എല്ലാ പുരോഹിതരേയും നന്ദിപൂർവ്വം ഓർക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

ദൈവവിശ്വാസവും മരണാനന്തരജീവിതവുമെല്ലാം പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്ന ഇന്നത്തെ സമൂഹത്തിൽ പൗരോഹിത്യത്തിലേക്ക് കടന്നുവരുന്നവരുടെ എണ്ണം തുലോം കുറവാണ് എന്നത് ഒരു വസ്തുതയാണ്. എങ്കിലും

മാനന്തവാടി രൂപതയെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഈ രൂപതയിൽ 245 വൈദികർ ശുശ്രൂഷ ചെയ്യുന്നു എന്നത് സന്തോഷകരമായ വസ്തുതയാണ്. അതേസമയം ഓരോ വർഷവും ഒരു നിശ്ചിത എണ്ണം വൈദികർ ശുശ്രൂഷയിലേക്ക് കടന്നുവന്നെങ്കിലേ ഈ അവസ്ഥ നിലനിർത്താൻ കഴിയു. നിലവിൽ നമ്മുടെ രൂപതക്കായി വിവിധ സെമിനാരികളിൽ 94 വിദ്യാർത്ഥികളാണ് വൈദീക പരിശീലനം നേടിക്കൊണ്ടിരിക്കുന്നത്. അവരെ അതിലേക്ക് പറഞ്ഞയച്ച എല്ലാവരേയും നന്ദിപൂർവ്വം ഓർക്കുന്നു.

പത്താം ക്ലാസ്സിലെയും പന്ത്രണ്ടാം ക്ലാസ്സിലെയും പരീക്ഷകൾ കഴിഞ്ഞ് കുട്ടികൾ തങ്ങളുടെ ഭാവിയെപ്പറ്റി ആലോചിക്കുന്ന അവസരമാണല്ലോ ഇത്. കുറേ പേരെങ്കിലും വൈദീകസന്യസ്ത ജീവിതങ്ങളിലേക്ക് താൽപര്യമുള്ളവരും ഉണ്ടാകും എന്ന് ഞാൻ പ്രത്യാശിക്കുന്നു. രൂപതയുടെ അജപാലനപ്രവർത്തനങ്ങൾ ശരിയായ രീതിയിൽ മുന്നോട്ട് പോകണമെങ്കിൽ ആവശ്യത്തിന് വൈദീകർ ഉണ്ടാകണം. രൂപതാ വൈദീകരായി ശുശ്രൂഷ ചെയ്യാൻ താൽപര്യമുള്ള കുട്ടികൾ രൂപതാ മൈനർ സെമിനാരിയിലേക്ക് അപേക്ഷിക്കേണ്ട സമയമാണിത്. നല്ല ഉദ്ദേശശുദ്ധിയും സേവനമനോഭാവവും പഠിക്കാൻ കഴിവുമുള്ള ആൺകുട്ടികൾ രൂപതാ വൈദീകരാകാൻ കടന്നുവരണം എന്ന് അഭ്യർത്ഥിക്കുന്നു. അതിനായി മാതാപിതാക്കൾ അവരെ പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ സഹായസഹകരണങ്ങൾ കൊടുക്കുകയും ചെയ്യണം.

രൂപതാ വൈദീകരാകാൻ താൽപര്യമുള്ള പത്താം ക്ലാസ്സ് അല്ലെങ്കിൽ പന്ത്രണ്ടാം ക്ലാസ്സ് പരീക്ഷ എഴുതിയ

മിടുക്കരായ ആൺകുട്ടികൾക്ക് ഇപ്പോൾ അപേക്ഷിക്കാവുന്നതാണ്. പരീക്ഷയുടെ ഫലം വരാനായി കാത്തിരിക്കേണ്ടതില്ല. പൗരോഹിത്യപരിശീലനം നേടുന്നവരുടെ വ്യക്തിപരമായ ചിലവുകൾ ഒഴികെ ബാക്കി എല്ലാം രൂപതയുടെ പൊതുഫണ്ടിൽ നിന്നാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. 94 സെമിനാരിക്കാർക്കായി കഴിഞ്ഞ വർഷം നമുക്ക് ചെലവായത് 65 ലക്ഷം രൂപയാണ്. അതായത് ഒരു വിദ്യാർത്ഥിക്ക് ശരാശരി 70000 രൂപ ചിലവായിട്ടുണ്ട്. പൗരോഹിത്യ പരിശീലനത്തിലായിരിക്കുന്നവരുടെ പൊതുചിലവിലേക്കായി തുക കണ്ടെത്തുന്നത് പല രീതിയിലാണ്. സ്ഥിരവരുമാനം കാര്യമായില്ലാത്ത നമ്മുടെ രൂപത അനുദിനാവശ്യങ്ങൾക്കു പോലും ആശ്രയിക്കുന്നത് ബാങ്ക് വായ്പ്പയേയാണ്. വൈദീകപരിശീലനത്തിലുള്ളവരുടെ ചിലവിലേക്ക് ഓരോ വർഷവും ഒരു നിശ്ചിത തുക തരുന്ന ഉപകാരികളിൽ നിന്നാണ് ഒരു ഭാഗം കണ്ടെത്തുന്നത്. ഉപകാരികൾ രണ്ട് വിഭാഗത്തിൽപ്പെടുന്നവരുണ്ട്. ദീർഘകാലമായി പണം തന്നുകൊണ്ടിരിക്കുന്നവരും 2016-ൽ രൂപീകരിക്കപ്പെട്ട Pensioner's Guild എന്ന സംഘടനയിൽപ്പെട്ടവരും. സർക്കാർ ഉദ്യോഗത്തിൽ നിന്ന് വിരമിച്ചവരുടെ സംഘടനയാണ് Pensioner's Guild. അവരിൽ തന്നെയുള്ള ചിലർ താൽപര്യ ത്തോടുകൂടെ തുടങ്ങിയതാണ് ഈ സംഘടന. 2016-ൽ തുടങ്ങി യെങ്കിലും പല കാരണങ്ങളാൽ അതിന്റെ പ്രവർത്തനം അൽപ്പം മന്ദീഭവിച്ചിരിക്കുകയാണ്. എങ്കിലും ഈ അടുത്ത കാലത്ത് അതിന്റെ ഭാരവാഹികൾ ഒരുമിച്ചുകൂടി പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ ഇടവകയിലും ഉള്ള പെൻഷൻ

പറ്റിയ സർക്കാർ ഉദ്യോഗസ്ഥരെ കണ്ടെത്തുകയും അവരുമായുള്ള ആശയവിനിമയത്തിനായി അവരിൽ നിന്ന് തന്നെ ഒരാളെ തിരഞ്ഞെടുക്കുകയും ചെയ്യുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ടത്. മാനന്തവാടി മൈനർ സെമിനാരിക്കാരുടെ അസി. വൊക്കേഷൻ പ്രമോട്ടർ ബഹു. കണിപ്പള്ളി ജോർജ്ജുകുട്ടി അച്ചനെയാണ് ഇക്കാര്യങ്ങളുടെ ചുമതല ഏൽപ്പിച്ചിരിക്കുന്നത്. അതുമായി ബന്ധപ്പെട്ട് അദ്ദേഹവും മറ്റ് ഭാരവാഹികളും ഇടവകയിലെത്തുമ്പോൾ അവരെ സ്നേഹപൂർവ്വം സ്വീകരിച്ച് ആവശ്യമായ സഹായ സഹകരണങ്ങൾ കൊടുത്ത് അവരുടെ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുകയും ഫലവത്താക്കുകയും ചെയ്യണമെന്ന് ബഹു. വികാരിയച്ചന്മാരെ സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു.

നമ്മൾ പോർച്ചുഗീസ് ആധിപത്യത്തിലാകുന്നതിനുമുമ്പ് പൗരോഹിത്യ പരിശീലനത്തിനാവശ്യമായ തുക മുഴുവൻ കണ്ടെത്തിയിരുന്നതും അതിലുപരി പുരോഹിതരാകാൻ യോഗ്യരായ അർത്ഥികളെ കണ്ടെത്തിയിരുന്നതും ഇടവകാ സമൂഹങ്ങളായിരുന്നു എന്ന വസ്തുത ഇവിടെ പ്രത്യേക പ്രസ്താവ്യമാണ്. വൈദേശിക സഹായമൊന്നും കിട്ടാത്ത വർത്തമാനകാലഘട്ടത്തിൽ ആ പൂർവ്വസ്ഥിതിയിലേക്ക് നമ്മൾ മടങ്ങിപ്പോകേണ്ടിയിരിക്കുന്നു. കഴിഞ്ഞവർഷം അറുപത്തഞ്ച് ലക്ഷം രൂപയാണ് വൈദികാർത്ഥികൾക്ക് വേണ്ടി ചിലവഴിച്ചതെന്ന് മുകളിൽ പറഞ്ഞുവല്ലോ. അതിൽ രണ്ടുലക്ഷം രൂപ Pensioner's Guild ൽ ഉള്ളവരും, ഇരുപതുലക്ഷം രൂപ മറ്റുള്ള ഉപകാരികളും തന്നതാണ്. ഇനിയും ധാരാളം പേർ ഈ സംരംഭത്തിനായി സഹായിക്കാൻ തയ്യാറായിട്ടുണ്ട്. അവരെ കണ്ടെത്തി മാർഗ്ഗനിർദ്ദേശങ്ങൾ കൊടുത്താൽ

മാത്രം മതി. ഏവരുടെയും സഹായം അഭ്യർത്ഥിക്കുകയും മുൻകൂട്ടി നന്ദി പറയുകയും ചെയ്യുന്നു.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.



**മാർ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

- ♦ സെമിനാരി പ്രവേശനത്തിനായി ആഗ്രഹിക്കുന്ന കുട്ടികൾ ബന്ധപ്പെടേണ്ട അഡ്രസ്സ്:

Fr. Rector
Mount Mary College
Mananthavady - 670 645
Mob. 9447882293
Whats app: 9447882293